**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **10-08-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു:<br><br>• എടവക പഞ്ചായത്തിൽ 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പൈപ്പ്സ്ഥാപിക്കൽ, കണക്ഷൻ നൽകൽ എന്നിവ പുരോഗമിക്കുന്നു.<br>• തിരുനെല്ലി പഞ്ചായത്തിൽ 18/02/2022നു തന്നെ വർക്ക് ഓർഡർ നൽകിയെങ്കിലും ബഹു:ഹൈക്കോടതിയിൽ കേസുണ്ടായ തിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ബഹു: കോടതി ഉത്തരവും സർക്കാർ തീരുമാനവും അനുസരിച്ച് 01/08/2023നു പ്രവൃത്തിയുടെ കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.<br>• വെള്ളമുണ്ട പഞ്ചായത്തിൽ 25/04/2023നു കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>• തൊണ്ടർനാട് ടെൻഡർ ചീഫ് എഞ്ചിനീയർ അംഗീകരിച്ച നല്കിയിട്ടുണ്ട് . എന്നാൽ ബഹു: ഹൈക്കോടതിയിൽ കേസ് ഉണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല.<br>• തവിഞ്ഞാൽ പഞ്ചായത്തിൽ 02/05/2023നു കരാർ ഉടമ്പടി വെച്ചു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>• പനമരം ടെൻഡർ ചീഫ് എഞ്ചിനീയർ അംഗീകരിച്ച നല്കിയിട്ടുണ്ട് . എന്നാൽ ബഹു: ഹൈക്കോടതിയിൽ കേസ് ഉണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ആകെ എത്ര ഗാർഹിക | (ബി) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം മാനന്തവാടി |

| | | | |
|---|---|---|---|
| | കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്; | | മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു:<br>• എടവക പഞ്ചായത്തിൽ 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പൈപ്പ്സ്ഥാപിക്കൽ, കണക്ഷൻ നൽകൽ എന്നിവ പുരോഗമിക്കുന്നു.<br>• തിരുനെല്ലി പഞ്ചായത്തിൽ 18/02/2022നു തന്നെ വർക്ക് ഓർഡർ നൽകിയെങ്കിലും ബഹു:ഹൈക്കോടതിയിൽ കേസുണ്ടായ തിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ബഹു: കോടതി ഉത്തരവും സർക്കാർ തീരുമാനവും അനുസരിച്ച് 01/08/2023നു പ്രവൃത്തിയുടെ കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.<br>• വെള്ളമുണ്ട പഞ്ചായത്തിൽ 25/04/2023നു കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>• തൊണ്ടർനാട് ടെൻഡർ ചീഫ് എഞ്ചിനീയർ അംഗീകരിച്ചു നല്കിയിട്ടുണ്ട് . എന്നാൽ ബഹു: ഹൈക്കോടതിയിൽ കേസ് ഉണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല.<br>• തവിഞ്ഞാൽ പഞ്ചായത്തിൽ 02/05/2023നു കരാർ ഉടമ്പടി വെച്ചു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>• പനമരം ടെൻഡർ ചീഫ് എഞ്ചിനീയർ അംഗീകരിച്ചു നല്കിയിട്ടുണ്ട് . എന്നാൽ ബഹു: ഹൈക്കോടതിയിൽ കേസ് ഉണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല. |
| (സി) | പദ്ധതിക്കായി സ്ഥലം കണ്ടെത്താൻ സാധിക്കാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | • തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ പനവല്ലി എന്ന സ്ഥലത്ത് 5 സെന്റ് സ്ഥലം ബൂസ്റ്റർ പമ്പ്ഹൗസിനായി ലഭിക്കേണ്ടതുണ്ട്.<br>• വെള്ളമുണ്ട പഞ്ചായത്തിൽ മംഗലശ്ശേരി കാട്ടുനായ്ക്കർ കോളനി യിൽ 20 സെൻറ് സ്ഥലം 2 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് പണിയുവാൻ ആവശ്യമുണ്ട്. പ്രസ്തുത സ്ഥലം നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല . സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് സ്ഥലം. |
| (ഡി) | പദ്ധതിയുടെ പ്രധാന സ്രോതസ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവിടെ നിന്നും ദൈനദിനം എത്രത്തോളം ജലം വേണ്ടിവരുമെന്നും അറിയിക്കാമോ? | (ഡി) | • തിരുനെല്ലി പഞ്ചായത്തിലെ പദ്ധതിക്കായി കാളിന്ദി നദിയാണ് പ്രധാന സ്രോതസ്സായി തെരഞ്ഞെടുത്തിരിക്കുന്നത്.ഇവിടെ നിന്നും പ്രതിദിനം 5 ദശലക്ഷം ലിറ്റർ ജലമാണ് |

| | | | |
|---|---|---|---|
| | | | ശുദ്ധീകരിച്ച് വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നത്.<br>• എടവക പഞ്ചായത്തിലെ പദ്ധതിക്കായി മാനന്തവാടി നദിയാണ് പ്രധാന സ്രോതസ്സായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെനിന്നും പ്രതിദിനം 10 ദശലക്ഷം ലിറ്റർ ജലമാണ് ശുദ്ധീകരിച്ച് വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നത്.<br>• വെള്ളമുണ്ട ,തൊണ്ടർനാട് ,തവിഞ്ഞാൽ, പനമരം എന്നീ പദ്ധതികളുടെ പ്രധാന സ്രോതസ്സ് ബാണാസുര സാഗർ ഡാം ആണ്. 25 ദശലക്ഷം ലിറ്റർ ജലം ആവശ്യമായി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (04.08.2023 വരെ) | നിലവിൽ മൊത്തം കണക്ഷൻ (04.08.2023 വരെ) |
|---|---|---|---|---|---|---|
| എടവക | 8900 | 3182 | 5700 | 3722.50 | 3042 | 6224 |
| പനമരം | 11149 | 3826 | 7323 | 6732.00 | 0 | 3826 |
| തവിഞ്ഞാൽ | 10089 | 1941 | 9146 | 9376.00 | 0 | 1941 |
| തിരുനെല്ലി | 7136 | 1058 | 6150 | 4886.00 | 366 | 1424 |
| തൊണ്ടർനാട് | 6166 | 1677 | 4489 | 5058.00 | 0 | 1677 |
| വെള്ളമുണ്ട | 9328 | 1816 | 7502 | 8453.00 | 10 | 1826 |
| ആകെ | 52768 | 13500 | 40310 | 38227.50 | 3418 | 16918 |